**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2287** **11-10-2021 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്നിന്റെ വർദ്ധിച്ചു വരുന്ന ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദ്ദീൻ** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് യുവാക്കളിലും വിദ്യാർത്ഥികളിലും ലഹരിമരുന്നിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സർക്കാരിന് ലഭിച്ചിട്ടുള്ള വിവരങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (എ) | ലഹരി മരുന്നിന്റെ ഉപയോഗം, കൈവശം വയ്ക്കൽ എന്നിവയുമായി ബന്ധപ്പെട്ട് യുവാക്കളും വിദ്യാർത്ഥികളും പ്രതികളായ കേസുകൾ കൂടുതലായി കണ്ടെടുക്കുന്നുണ്ട്. 01.01.2021 മുതൽ 30.09.2021 വരെ സംസ്ഥാനത്ത് കണ്ടെടുത്ത എൻ.ഡി.പി.എസ്. കേസുകളിൽ 18 മുതൽ 45 വയസ്സ് വരെയുള്ള 2248 കുറ്റാരോപിതരും 18 വയസ്സിനു താഴെയുള്ള 10 പേരും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | നിലവിലുള്ള നിയമങ്ങളുടെ പോരായ്മ മൂലമാണ് ലഹരിമരുന്ന് കേസുകൾ സംസ്ഥാനത്ത് വർദ്ധിക്കുന്നത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക്ക് സബ്സ്റ്റൻസ് ആക്ടിൽ, കണ്ടെടുക്കുന്ന ലഹരി മരുന്നുകളെ അവയുടെ അളവ് അനുസരിച്ച് Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ തിരിച്ചിട്ടുള്ളതും, Medium Quantity ലഹരി മരുന്നുകൾ കണ്ടെടുക്കുന്ന കേസുകളിൽ പത്ത് വർഷം വരെയും Commercial Quantity ലഹരി മരുന്നുകൾ കണ്ടെടുക്കുന്ന കേസുകളിൽ പത്ത് വർഷം മുതൽ ഇരുപത് വർഷം വരെയും കഠിന തടവിന് പ്രതികളെ ശിക്ഷിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ Small Quantity ലഹരിമരുന്നുകൾ കണ്ടെടുക്കുന്ന കേസുകൾ ജാമ്യം ലഭിക്കുന്നവയാണ്. ആയതിനാൽ വിവിധ മയക്കു മരുന്നുകളുടെ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി നിശ്ചയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | മയക്കുമരുന്ന് കേസുകളിൽ ശിക്ഷ വർദ്ധിപ്പിക്കുകയും പിഴത്തുകയിൽ വൻ വർദ്ധനവ് വരുത്തുകയും ചെയ്തു കൊണ്ട് നിലവിലെ നിയമത്തിൽ ഭേദഗതി വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ? | (സി) | നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക്ക് സബ്സ്റ്റൻസ് ആക്ടിൽ, കണ്ടെടുക്കുന്ന ലഹരി മരുന്നുകളെ അവയുടെ അളവ് അനുസരിച്ച് Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ തിരിച്ചിട്ടുള്ളതും, Medium Quantity ലഹരി മരുന്നുകൾ കണ്ടെടുക്കുന്ന |

| | | | |
|---|---|---|---|
| | | | കേസുകളിൽ പത്ത് വർഷം വരെയും Commercial Quantity ലഹരി മരുന്നുകൾ കണ്ടെടുക്കുന്ന കേസുകളിൽ പത്ത് വർഷം മുതൽ ഇരുപത് വർഷം വരെയും കഠിന തടവിന് പ്രതികളെ ശിക്ഷിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ Small Quantity ലഹരിമരുന്നുകൾ കണ്ടെടുക്കുന്ന കേസുകൾ ജാമ്യം ലഭിക്കുന്നവയാണ്. ആയതിനാൽ വിവിധ മയക്കു മരുന്നുകളുടെ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി നിശ്ചയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ